# KERALA

## Summary

- **Financial Assistance to People Living with HIV**
  Financial Assistance to People Living with HIV.
- **Free Transport to People Living with HIV**
  Free transport benefits to People Living with HIV for travelling for treatment purpose.
- **Free Treatment to People Living with HIV**
  Free treatment benefits to People Living with HIV
- **Widow Pension, PLHIV Pension**
  Financial assistance to window under widow pension
- **Inclusion of PLHIV in BPL List**
  People Living with HIV considered under Below Poverty Line (BPL List)
- **Comprehensive Health Insurance to PLHIV**
  Coverage of all People Living with HIV in Comprehensive Health Insurance Scheme.

'ഭരണഭാഷ മാതൃഭാഷ'

# കേരള സാമൂഹ്യ സുരക്ഷാ മിഷൻ

Kerala State AIDS Control Society, Thiruvananthapuram — 25 NOV 2014

07581

നമ്പർ : പി3/3434/2014

തിരുവനന്തപുരം,
തീയതി : 17/11/2014

അഡീഷണൽ പ്രോജക്ട് ഡയറക്ടർ,
കേരള എയ്ഡ്സ് കൺട്രോൾ സൊസൈറ്റി.
റെഡ് ക്രോസ്സ് റോഡ്,
തിരുവനന്തപുരം-695035

സർ,

വിഷയം : കെ.എസ്.എസ്.എം – ട്രീറ്റ്മെന്റ് കെയർ ടീം അംഗങ്ങളുടെ പട്ടികയും, പ്രവർത്തനമാർഗ്ഗരേഖയും അംഗീകരിച്ച് അനുമതി നൽകുന്നത് – സംബന്ധിച്ച്.

സൂചന : 07/11/2014 – ലെ താങ്കളുടെ 925/2004/GIPA/CST11/KSACS

എച്ച്.ഐ.വി അണുബാധിതർക്ക് ആശുപത്രിയിൽ കൂട്ടിരിക്കുന്നതിനുവേണ്ടി സൂചന പ്രകാരം താങ്കൾ അയച്ചുതന്നിട്ടുള്ള 7 ജില്ലകളിലെയും ട്രീറ്റ്മെന്റ് കെയർ ടീം അംഗങ്ങളുടെ ലിസ്റ്റും പരിഷ്ക്കരിച്ച മാർഗ്ഗരേഖയും സാമൂഹ്യ സുരക്ഷാ മിഷൻ അംഗീകരിക്കുന്നതോടൊപ്പം ചുവടെ പറയുന്ന കാര്യങ്ങളിന്മേൽ തുടർനടപടി താങ്കളുടെ ഭാഗത്തു നിന്നും സ്വീകരിക്കേണ്ടതുമാണ്.

1. തെരഞ്ഞെടുത്ത ട്രീറ്റ്മെന്റ് കെയർ അംഗങ്ങളുടെ പട്ടിക അതാത് എ.ആർ.റ്റി കേന്ദ്രങ്ങളിലേയ്ക്ക് നൽകേണ്ടതും ആവശ്യാനുസരണം അംഗങ്ങളുടെ സേവനം നൽകുന്നതിനും തൽക്കാലം എ.ആർ.റ്റി കേന്ദ്രങ്ങളിലെ മെഡിക്കൽ ആഫീസറെ ചുമതലപ്പെടുത്തേണ്ടതാണ്. സുരക്ഷാ മിഷനിൽ നിന്നും കൗൺസിലർമാരെ നിയമിക്കുന്ന മുറയ്ക്ക് ടി ചുമതല അവർക്ക് നൽകാവുന്നതാണ്.
2. ഇപ്രകാരം അംഗങ്ങൾ സേവനം നൽകുന്നതു സംബന്ധിച്ച റിപ്പോർട്ട്, ഹാജർ, അംഗങ്ങളുടെ വേതനം എന്നീ കാര്യങ്ങളുടെ ചുമതല മിഷൻ മുഖേന കൗൺസിലർമാരെ നിയോഗിക്കുന്നതുവരെ എ.ആർ.റ്റി കേന്ദ്രങ്ങളിലെ മെഡിക്കൽ ആഫീസർക്ക് തന്നെ നൽകേണ്ടതാണ്.
3. ട്രീറ്റ്മെന്റ് കെയർ ടീം അംഗങ്ങളെ നിയോഗിച്ച ശേഷം അവരുടെ റിപ്പോർട്ട്, ഹാജർ എന്നിവ ഈ കാര്യാലയത്തിൽ ലഭിയ്ക്കുന്ന മുറയ്ക്ക് ഇവർക്ക് 12 മണിക്കൂറിന് 300/- രൂപ എന്ന നിരക്കിൽ വേതനം നൽകുന്നതിന് 5000/- രൂപ അഡ്വാൻസായി എ.ആർ.റ്റി

സാമൂഹ്യ ക്ഷേമ സ്ഥാപനങ്ങളുടെ സമുച്ചയം, പൂജപ്പുര, തിരുവനന്തപുരം – 695012, കേരള സംസ്ഥാനം, ഇന്ത്യ
ഫോൺ: 0471 – 2341200, 2348135, 2346016 (ഫാക്സ്)
Email: socialsecuritymission@gmail.com www.socialsecuritymission.gov.in

157

കേന്ദ്രങ്ങൾക്കുള്ള ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നൽകുന്നതാണ്. ആയതിലേയ്ക്ക് ടി എ.ആർ.റ്റി സെന്ററുകളുടെ ബാങ്ക് അക്കൗണ്ടിന്റെ വിശദാംശം നൽകേണ്ടതാണ്.

4. ടി തുക ചെലവഴിച്ചതു സംബന്ധിച്ച ധനവിനിയോഗ സർട്ടിഫിക്കറ്റ് എ.ആർ.റ്റി സെന്ററിലെ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തി സമർപ്പിക്കേണ്ടതാണ്. ഇത് ലഭിയ്ക്കുന്ന മുറയ്ക്ക് ചെലവായ തുക എ.ആർ.റ്റി സെന്ററുകൾക്ക് സുരക്ഷാ മിഷനിൽ നിന്ന് അനുവദിച്ചു നൽകുന്നതാണ്.

മേൽ സൂചിപ്പിച്ചിട്ടുള്ള കാര്യങ്ങളിൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് സുരക്ഷാ മിഷന് നൽകേണ്ടതാണെന്നറിയിക്കുന്നു.

വിശ്വസ്തതയോടെ

എക്സിക്യൂട്ടീവ് ഡയറക്ടർക്കുവേണ്ടി

Encl - Proforma for Utilisation certificate

സാമൂഹ്യ ക്ഷേമ സ്ഥാപനങ്ങളുടെ സമുച്ചയം, പൂജപ്പുര, തിരുവനന്തപുരം - 695012, കേരള സംസ്ഥാനം, ഇന്ത്യ
ഫോൺ: 0471 – 2341200, 2348135, 2346016 (ഫാക്സ്)
Email: socialsecuritymission@gmail.com www.socialsecuritymission.gov.in

# ധനവിനിയോഗ സാക്ഷ്യപത്രം

HIV അണുബാധിതർക്ക് ആശുപത്രിയിൽ കൂട്ടിരിക്കുന്നതിനായി Treatment care team അംഗങ്ങളെ നിയോഗിക്കുന്ന പദ്ധതി ചെലവുകൾക്കായി 2014-15 വർഷത്തിൽ കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും .................................................................................... ഉത്തരവ് പ്രകാരം .......................................... രൂപ ലഭിക്കുകയുണ്ടായി. പ്രസ്തുത തുകയിൽ നിന്നും 2014 .............................. മാസത്തിൽ ........................ രോഗികൾക്ക് (രോഗികളുടെ എണ്ണം) ......................... ദിവസം (ആകെ ദിവസം) പരിചരണം നൽകിയ വകയിൽ ............................ രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. പദ്ധതി ചെലവുകൾക്ക് അനുവദിച്ച് ലഭിച്ച തുകയിൽ ബാക്കിയുള്ള ...................................... രൂപ തുടർന്നുള്ള മാസങ്ങളിലെ പദ്ധതി ചെലവുകൾക്ക് വിനിയോഗിക്കുന്നതാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. ടി രോഗികളുടെയും പരിചാരകരുടെയും പേര് വിവരം ഈ ആഫീസിൽ സൂക്ഷിച്ചിട്ടുണ്ടെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം........................ ഒപ്പ്......................................

തീയതി......................

പേര്..................................

തസ്തിക.........................

ആഫീസ്മുദ്ര

159

6237

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - സംസ്ഥാനത്തെ എയ്ഡ്സ് ബാധിതരുടെ ചികിത്സയ്ക്കുള്ള പ്രതിമാസ യാത്രപ്പടിയും എയ്ഡ്സ് ബാധിതർക്ക് പ്രതിമാസ ധനസഹായവും മരണപ്പെട്ടവരുടെ ഭാര്യ / ഭർത്താവിന് പ്രതിമാസ ധനസഹായവും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

ആരോഗ്യ കുടുംബക്ഷേമ (എഫ്.ഡബ്ല്യൂ) വകുപ്പ്

സ.ഉ.(എം.എസ്)നം.553/2011/ആകുവ തീയതി, തിരുവനന്തപുരം. 03/12/2011.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം:-കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി പ്രോജക്ട് ഡയറക്ടറുടെ 19/11/2011 ലെ 7701/2011/CST-L/KSACS നമ്പർ കത്ത്.

ഉത്തരവ്

കേരളത്തിൽ ആകമാനമായി എ.ആർ.വി. ട്രീറ്റ്മെന്റ് ലഭിക്കുന്ന 5933 ആളുകൾ ഉണ്ടെന്നും ഇവർ ആന്റി റീട്രോവൈറൽ തെറാപ്പിയ്ക്ക് വിധേയരാകുന്നതിനും, ചെക്കപ്പ് നടത്തുന്നതിനുമായി താമസ സ്ഥലത്തു നിന്നും ശരാശരി 82 കിലോ മീറ്റർ ഒരു ദിശയിലേയ്ക്ക് യാത്ര ചെയ്യേണ്ടിവരുന്നുണ്ടെന്നും അപ്രകാരം യാത്ര ചെയ്യുന്നതിന് ശരാശരി 60 രൂപ ചെലവാക്കുന്നുണ്ടെന്നും കേരള എയ്ഡ്സ് കൺട്രോൾ സൊസൈറ്റി പ്രോജക്ട് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. കൂടാതെ എയ്ഡ്സ് ബാധിച്ച് മരണപ്പെട്ടവരുടെ ഭാര്യ / ഭർത്താവിന് പ്രതിമാസ ധനസഹായം നൽകുന്നതിനും പരാമർശം കത്ത് പ്രകാരം ശുപാർശ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ എയ്ഡ്സ് ബാധിതരായ രോഗികൾക്ക് പരിശോധനയ്ക്കും മറ്റും എട്ട് എ.ആർ.റ്റി സെന്ററുകളിൽ പോകുന്നതിനും തിരികെ വരുന്നതിനും പ്രതിമാസം യാത്രാ ചെലവിനായി 120/- രൂപ (ഒരു ദിശയിലേയ്ക്ക് 60 രൂപ വീതം) വീതവും, എയ്ഡ്സ് ബാധിതർക്ക് പ്രതിമാസ ധനസഹായമായി 400/- രൂപ വീതവും എയ്ഡ്സ് മൂലം ഭാര്യയോ ഭർത്താവോ മരണമടഞ്ഞാൽ അവരിൽ ജീവിച്ചിരിക്കുന്നവർക്ക് ധനസഹായമായി പ്രതിമാസം 400/- രൂപ വീതവും ചുവടെ പറഞ്ഞിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി അനുവദിച്ച് ഉത്തരവാകുന്നു.

160

**മാർഗ്ഗ നിർദ്ദേശങ്ങൾ**

(1) ഗുണഭോക്താവ് കേരളത്തിൽ സ്ഥിര താമസമുള്ളവനായിരിക്കണം.

(2) ഓരോ ആശ്രിതനും / വ്യക്തിയും താഴെ പറയുന്ന സാക്ഷ്യ പത്രങ്ങൾ ART സെന്ററുകളിൽ സമർപ്പിച്ചിരിക്കണം.

(a)നേറ്റിവിറ്റി സർട്ടിഫിക്കറ്റ്.
(b)മരിച്ച വ്യക്തിയുടെ മരണ സർട്ടിഫിക്കറ്റും പരിശോധന സർട്ടിഫിക്കറ്റും.
(c)മരണമടഞ്ഞ വ്യക്തിയും അപേക്ഷകനും തമ്മിലുള്ള ബന്ധം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.
(d)സത്യവാങ്ങ്മൂലം.

(3)ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ലൈഫ് സർട്ടിഫിക്കേറ്റ് (ഓരോ 6 മാസം കൂടുമ്പോഴും ART സെന്ററിൽ സമർപ്പിച്ചിരിക്കണം).

(4)എല്ലാ ART സെന്ററുകളും ധനസഹായത്തിന് അർഹരായവരുടെ അക്കൗണ്ട് നമ്പർ സഹിതമുള്ള ലിസ്റ്റ് ഓരോ മാസവും 5 -ാം തീയതിയ്ക്ക് മുമ്പായി സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിക്ക് സമർപ്പിക്കേണ്ടതും ഓരോ മാസവും 7 -ാം തീയതിയ്ക്ക് മുമ്പായി അർഹരായവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് സൊസൈറ്റി തുക വിതരണം ചെയ്യേണ്ടതുമാണ്.

ഇപ്രകാരം പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോൾ വരുന്ന സാമ്പത്തിക ചെലവ് 'ന്യു സർവ്വീസ് ' നടപടിക്രമം പാലിച്ച് വഹിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവ് പ്രകാരം,
**രാജീവ് സദാനന്ദൻ,**
പ്രിൻസിപ്പൽ സെക്രട്ടറി.

പ്രോജക്ട് ഡയറക്ടർ, KSACS, തിരുവനന്തപുരം.
ഡയറക്ടർ, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (U.O No.95813/BW B2/11/Fin പ്രകാരം)
പൊതു ഭരണ (എസ്.സി) വകുപ്പ്. 30.11.2011 ലെ ഇനം നമ്പർ 835 പ്രകാരം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വിപുലമായ പ്രചാരണത്തിന്).

പകർപ്പ്:
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

07454

Kerala State AIDS Control Society
19 NOV 2014
Thiruvananthapuram

161

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - എച്ച്.ഐ.വി. ബാധിതരായ എല്ലാ സ്ത്രീകൾക്കും പാപ്സ്മിയർ പരിശോധന സൗജന്യമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്.ഡബ്ല്യൂ) വകുപ്പ്**

സ.ഉ.(സാധാ) നം. 3706/2014/ആ.കു.വ. തീയതി, തിരുവനന്തപുരം, 15.11.2014.

---

പരാമർശം :- 01.08.2014 -ൽ ബഹു. മുഖ്യമന്ത്രിയുടെ ചേമ്പറിൽ കൂടിയ യോഗത്തിലെ 15 -ാം നമ്പർ തീരുമാനം.

## ഉത്തരവ്

എച്ച്.ഐ.വി. അണുബാധിതരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 01.08.2014-ന് കൂടിയ യോഗത്തിൽ എച്ച്.ഐ.വി. ബാധിതരായ എല്ലാ സ്ത്രീകൾക്കും പാപ്സ്മിയർ പരിശോധന സൗജന്യമായി ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാവർക്കും സൗജന്യമായി പാപ്സ്മിയർ പരിശോധന നടത്തുന്നുണ്ട്. എന്നാൽ എച്ച്.ഐ.വി. അണുബാധിതരാണെന്നുള്ള കാരണത്താൽ പാപ്സ്മിയർ പരിശോധന ആവശ്യമുള്ളവർക്ക് ടി സൗകര്യം നൽകുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മേൽപറഞ്ഞ സാഹചര്യത്തിൽ എല്ലാ എച്ച്.ഐ.വി. അണുബാധിതരായ സ്ത്രീകൾക്കും ആവശ്യമുള്ള സാഹചര്യങ്ങളിൽ സൗജന്യമായി പാപ്സ്മിയർ പരിശോധന നടത്തേണ്ടതാണെന്നും ഇതിൽ വിമുഖത കാണിക്കുവാൻ പാടില്ലയെന്നുമുള്ള കർശന നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം),

**ഡോ. എം. ബീന**
**സ്പെഷ്യൽ സെക്രട്ടറി**

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രോജക്ട് ഡയറക്ടർ , കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.

06785

162

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - എച്ച്.ഐ.വി. അണുബാധിതർക്ക് ചികിത്സയും പരിശോധനയും സൗജന്യമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്.ഡബ്ല്യു) വകുപ്പ്**

സ.ഉ.(സാധാ) നം. 3189/2014/ആ.കു.വ. തീയതി, തിരുവനന്തപുരം, 25.09.2014.

---

പരാമർശം :- 14.05.2014 -ൽ കൂടിയ യോഗതീരുമാനം.

## ഉത്തരവ്

എച്ച്.ഐ.വി. അണുബാധിതരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 14.05.2014 -ന് കൂടിയ യോഗത്തിൽ എച്ച്.ഐ.വി. അണുബാധിതർക്ക് സൗജന്യ ചികിത്സയും പരിശോധനകളും ലഭ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ ചർച്ച ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹോസ്പിറ്റൽ ഡവലപ്പ്മെന്റ് സൊസൈറ്റി (എച്ച്.ഡി.എസ്) / ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി (എച്ച്.എം.സി) മുതലായവ നടത്തുന്നത് അടക്കമുള്ള എല്ലാ പരിശോധനകളും ചികിത്സയും എച്ച്.ഐ.വി. അണുബാധിതർക്ക് സൗജന്യമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം),

**ഡോ. കെ. ഇളങ്കോവൻ**
**സെക്രട്ടറി**

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രോജക്ട് ഡയറക്ടർ, കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.

163

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- ബി.പി.എൽ. ലിസ്റ്റ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുനർ നിശ്ചയിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.( കൈ)നം. 112/2012/തസ്വഭവ തിരുവനന്തപുരം, തീയതി, 27/04/2012

---

പരാമർശം:- സ.ഉ.(കൈ)നം.16/2011/തസ്വഭവ, തീയതി: 4/01/2011.

## ഉത്തരവ്

പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള സൂചകങ്ങൾക്കും അവയുടെ വെയിറ്റേജിനും മാനദണ്ഡങ്ങൾക്കും അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്നതിന് പ്രസ്തുത ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് പുറമേ താഴെ പറയുന്ന പ്രകാരം എപിഎൽ, ബിപിഎൽ മാനദണ്ഡങ്ങൾ പുനർ നിശ്ചയിച്ച് ഉത്തരവാകുന്നു.

ബി.പി.എൽ. പട്ടികയിൽ നിന്ന് താഴെ പറയുന്ന വിഭാഗങ്ങളെ ഒഴിവാക്കേണ്ടതാണ്:-

എ) സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ.
ബി) ആദായനികുതി ഒടുക്കുന്നവർ
സി) സ്വന്തമായി ഒരേക്കറിനുമേൽ ഭൂമിയുള്ളവർ
ഡി) സ്വന്തമായി ആയിരം ചതുരശ്ര അടിക്കുമേൽ വിസ്തീർണ്ണമുള്ള വീടോ ഫ്ളാറ്റോ ഉള്ളവർ.
ഇ) നാല് ചക്രവാഹനം സ്വന്തമായി ഉള്ളവർ

മേൽ. പറഞ്ഞ വിഭാഗങ്ങളെ ഒഴിവാക്കി താഴെ പറയുന്ന വിഭാഗത്തിൽപ്പെട്ട ആരെങ്കിലും കുടുംബത്തിൽ ഉണ്ടെങ്കിൽ അവരെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തേണ്ടതാണ്:-

എ) ആശ്രയ പദ്ധതിയിൽ അംഗങ്ങളായുള്ളവർ
ബി) മാനസികവും ശാരീരികമായും വൈകല്യമുള്ളവർ
സി) 'ഓട്ടിസം' ബാധിച്ചവർ

169

ഡി) ഭർത്താവ് മരണമടഞ്ഞ സ്ത്രീകൾ

ഇ) എയ്ഡ്സ്, കാൻസർ രോഗികളും, ഡയാലിസിസിന് വിധേയരാകുന്നവരും

എഫ്) പരസഹായമില്ലാതെ ജീവിക്കുവാൻ കഴിയാത്തവരും ശരീരം തളർന്ന് ശയ്യാവലംബരായവരും

ജി) മേൽപ്പറഞ്ഞവയ്ക്ക് വിരുദ്ധമല്ലാത്ത നിലവിലുള്ള മാനദണ്ഡങ്ങൾ തുടരുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി.

1. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
2. എല്ലാ നഗരസഭാ അദ്ധ്യക്ഷൻമാർക്കും(സെക്രട്ടറിമാർ മുഖേന).
3. എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
   ( ഗ്രാമവികസന കമ്മീഷണർ മുഖേന)
4. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
   (പഞ്ചായത്ത് ഡയറക്ടർ മുഖേന)
5. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
6. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
7. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
8. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
9. എല്ലാ ജില്ലാ കളക്ടർമാർക്കും.
10. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
11. എല്ലാ ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
12. എല്ലാ ജില്ലാ കുടുംബശ്രീ മിഷൻ കോ-ഓർഡിനേറ്റർമാർക്കും.
13. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
14. ഡയറക്ടർ, പബ്ളിക് റിലേഷൻസ്, തിരുവനന്തപുരം.
15. ഡയറക്ടർ, സി-ഡിറ്റ്, ചിത്രാഞ്ജലി ഹിൽസ്, തിരുവല്ലം, തിരുവനന്തപുരം.
16. പൊതുഭരണ (എസ്.സി) വകുപ്പിന് (ഇനം നം , തീയതി പ്രകാരം)
17. ഡയറക്ടർ, ഐ.കെ.എം.,(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
18. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്:- 1. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
2. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്

004234

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് -സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി - എച്ച്.ഐ.വി. അണുബാധിതരെ വരുമാനപരിധി കണക്കാക്കാതെ ചിസ് പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തൊഴിലും നൈപുണ്യവും (ജെ) വകുപ്പ്**

സ.ഉ. (സാധാ) നമ്പർ. 972/2016/തൊഴിൽ

തീയതി, തിരുവനന്തപുരം.05/08/2016.

പരാമർശം: 1. സർക്കാർ ഉത്തരവ് (സാധാ) നം. 95/2008/തൊഴിൽ തീയതി 04.07.2008.
2. സർക്കാർ ഉത്തരവ് (കൈ) നം.112/2012/ത.സ്വ.ഭ.വ. തീയതി 27/04/2012.
3. ചിയാക്ക് എക്സിക്യൂട്ടീവ് ഡയറക്ടറുടെ 15/12/2015 ലെ 2048/സിഎച്ച് 4/2015/ചിയാക്ക് നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ലെ ഉത്തരവ് പ്രകാരം ബി.പി.എൽ പട്ടികയിൽ ഉൾപ്പെട്ട എല്ലാകുടുംബങ്ങളേയും സമഗ്രആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ഗുണഭോക്താക്കളായി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പരാമർശം (2) ലെ ഉത്തരവ് പ്രകാരം എയിഡ്സ് രോഗികളെ ബി.പി.എൽ പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും ടി വിഭാഗത്തെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയില്ല. എന്നാൽ എയ്ഡ്സ് രോഗികളെ എച്ച്.ഐ.വി അണുബാധിതർ എന്ന പ്രത്യേക വിഭാഗത്തിൽ ഉൾപ്പെടുത്തി ചിസ് പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്തണമെന്ന് പരാമർശം (3) കത്തുപ്രകാരം ചിയാക്ക് എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും എച്ച്.ഐ.വി അണുബാധിതരെ റേഷൻ കാർഡിന്റെ വരുമാനപരിധി, എ.പി.എൽ/ബി.പി.എൽ വിഭാഗം എന്നീ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കാതെ എച്ച്.ഐ.വി അണുബാധിതർ എന്ന പ്രത്യേക വിഭാഗത്തിൽ ഉൾപ്പെടുത്തി ചിസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എസ്. മുരളീധരൻ
അണ്ടർ സെക്രട്ടറി

ലേബർ കമ്മീഷണർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ചിയാക്, തിരുവനന്തപുരം.
പ്രോജക്ട് ഡയറക്ടർ, സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റി, റെഡ്ക്രോസ്റോഡ്, തിരുവനന്തപുരം-695035
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ & ഇ) തിരുവനന്തപുരം.
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ